ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കമ്പ്യൂട്ടർ പ്രോഗ്രാമറുടെ രണ്ട് തസ്തികകൾ ഉണ്ട്. ഇതിന്റെ സ്പെഷ്യൽ റൂൾസ് പുറത്തിറക്കിയിട്ടില്ല. 1-3-1997 പ്രാബല്യത്തിൽ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ ഈ തസ്തികയുടെ സ്കെയിൽ കാണിച്ചിട്ടില്ല. സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ ഇതുവരെ റൂൾ 9 എ (1) അനുസരിച്ചുള്ള താൽക്കാലിക നിയമനമാണ് നടത്തിയിരുന്നത്. ഇപ്പോൾ ഈ തസ്തികയിൽ ഒരു ഒഴിവാണുള്ളത്.

(ബി) ഉണ്ട്.

(സി) ഈ തസ്തികയുടെ പേര് പുനർനാമകരണം ചെയ്യുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) അല്ല. കമ്പ്യൂട്ടർ പ്രോഗ്രാമർ ആയി പുനർ നാമകരണം ചെയ്യപ്പെടേണ്ട കമ്പ്യൂട്ടർ ഓപ്പറേറ്ററുടെ സ്പെഷ്യൽ റൂൾസ് ആണ് സ്വീകാര്യമായിട്ടുള്ളത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ല. ശമ്പള പരിഷ്കരണ ഉത്തരവ് പുറത്തിറങ്ങിയശേഷം ശ്രീ. ഉദയകുമാർ എന്ന ട്രേഡ് ഇൻസ്ട്രക്ടറെ താത്കാലികമായി നിയമിച്ചിട്ടുണ്ട്. യോഗ്യതയില്ലാത്ത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പിൻവലിക്കുന്നതാണ്.

(ഇ) ഉണ്ട്. വൈരുദ്ധ്യങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. 1999 സെപ്റ്റംബറിലെ 23151/ജി3/99/എച്ച്. എഡ്യൂക്കേഷൻ നമ്പർ കത്തിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൻമേൽ നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) പരിശോധിക്കുന്നതാണ്.

**ലാംഗ്വേജ് ടീച്ചറുടെ സർവ്വീസ് ഫയൽ തീർപ്പു കൽപ്പിക്കുവാൻ നടപടി**

71 (3712) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താഴെക്കോട് എ. വി. പി. സ്കൂളിൽ പാർട്ട്ടൈം ലാംഗ്വേജ് ടീച്ചർ (ഉറുദു) തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. സി. മുഹമ്മദ് അഷറഫിന്റെ സർവീസിനെ സംബന്ധിച്ച ഫയലിൽ കോഴിക്കോട് ഡി. ഇ. ഒ. തീർപ്പു കൽപ്പിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly